(ബി) 2004-05-ൽ നബാർഡിന്റെ ധനസഹായത്തോടെ ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ നിശ്ചയിച്ചിട്ടില്ല.

(സി) സ്വീകരിക്കും.

ചേലക്കര മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് പണികൾ

47 [599] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പണികൾ ഏതെല്ലാമാണ്;

(ബി) ഓരോന്നിനും ചെലവാക്കിയ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നബാർഡ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുവാൻ ഈ വർഷം തയ്യാറാക്കിയ പട്ടികയിൽ ഈ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളും പാലങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പട്ടികയിൽപ്പെട്ട പണികളുടെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ നബാർഡ് ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് പണികളൊന്നും നടത്തിയിട്ടില്ല.

(സി) നബാർഡ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുവാൻ ഈ വർഷം തയ്യാറാക്കിയ പട്ടികയിൽ ചേലക്കര മണ്ഡലത്തിലെ മുല്ലൂർക്കര-വരവൂർ റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത പണിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

കുഴൽമന്ദം മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ ഉള്ള പദ്ധതികൾ

48 [600] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന ഏതെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്;

(ബി) ഏതെല്ലാം പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനത്തിനാണ് ഭരണാനുമതിയും പ്രത്യേക അനുമതിയും ലഭിക്കാനുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള ഏതെല്ലാം പ്രവൃത്തികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്;

(ഡി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടത്തേണ്ട ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതിയും പ്രത്യേക അനുമതിയും ലഭിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) 2003-04 ബഡ്ജറ്റിൽ കുഴൽമന്ദം മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്; അതിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതിയും പ്രത്യേക അനുമതിയും നൽകാനുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വിഭാഗം:

(1) കുഴൽമന്ദം-മങ്കര റോഡ് കി. മീ. 6 മുതൽ 12/800 വരെ അഭിവൃദ്ധിപ്പെടുത്തൽ.

(2) കുളവംമുക്ക്-പുത്തന്നൂർ റോഡ് കി. മീ. 0/00 മുതൽ 6/800 വരെ അഭിവൃദ്ധിപ്പെടുത്തൽ.

(3) കൊടുവായൂർ-തൃപ്പാളൂർ റോഡ് കി. മീ. 0/00 മുതൽ 13/800 വരെ അഭിവൃദ്ധിപ്പെടുത്തലും, കുനിശ്ശേരി ബൈപ്പാസ് നിർമ്മാണവും.

കെട്ടിടങ്ങളും തദ്ദേശജോലികളും വിഭാഗം:

(1) കുഴൽമന്ദം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഐ.ടി.ഐ.-യുടെ പണി.

(ബി) റോഡുകളും പാലങ്ങളും വിഭാഗം:

കണ്ണന്നൂർ-മാത്തൂർ റോഡ് കി.മീ. 0/00 മുതൽ 5/200 വരെയുള്ള നിർമ്മാണ പ്രവർത്തനത്തിന്.

കെട്ടിടങ്ങളും തദ്ദേശജോലികളും വിഭാഗം:

കുഴൽമന്ദം സബ്ട്രഷറി, ചെമ്പൈ മെമ്മോറിയൽ റസ്റ്റ് ഹൗസ് എന്നീ പണികൾക്ക്.

(സി) ഇല്ല.

(ഡി) റോഡ് വിഭാഗം:

അംബാട്-അണിക്കോട് റോഡ് കി. മീ. 0/00 മുതൽ 5/200 വരെയുള്ള നിർമ്മാണ പ്രവർത്തനം.

(ഇ) റോഡുകളും പാലങ്ങളും വിഭാഗം:

(1) കണ്ണൂർ-മാത്തൂർ റോഡ് 0/0 മുതൽ 5/200 വരെ.

(2) കുനിശ്ശേരി-വല്ലങ്ങി റോഡ് കി. മീ. 1/800-ൽ ചേരമംഗലം ക്രോസ് വേ പുനർനിർമ്മാണം. മേൽപ്പറഞ്ഞ രണ്ടു പണികൾക്കും ഭരണാനുമതി ലഭിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടങ്ങളും തദ്ദേശജോലികളും വിഭാഗം:

(1) ചെമ്പൈ മെമ്മോറിയൽ റസ്റ്റ് ഹൗസ് നിർമ്മാണം—3 ലക്ഷം രൂപ.

(2) കുഴൽമന്ദം സബ്ട്രഷറി കെട്ടിട നിർമ്മാണം—3 ലക്ഷം രൂപ.

ഈ രണ്ട് പണികൾക്കും ഭരണാനുമതി ലഭിക്കേണ്ടതുണ്ട്.

പാലങ്ങളിലെ ടോൾ പിരിവ്

49 [601] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. സുജനപാൽ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നു;

(ബി) ഇതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(സി) ഇപ്പോൾ ടോൾ പിരിക്കുന്ന പാലങ്ങളിൽ നിന്നും ഇനി എത്ര കാലത്തേക്കു കൂടി ടോൾ പിരിക്കേണ്ടതായി വരും;

(ഡി) സംസ്ഥാനത്തുള്ള ഏതെങ്കിലും റോഡിൽക്കൂടി വാഹനങ്ങൾ സഞ്ചരിക്കുന്നതിന് ടോൾ നൽകേണ്ടതുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകളിൽ നിന്നാണ് ടോൾ പിരിക്കുന്നതെന്ന് പറയുമോ?

ഉത്തരം

(എ) ദേശീയ പാതയിൽ ഒമ്പത് പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ 93 പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നുണ്ട്.

(ബി) ദേശീയപാത വിഭാഗത്തിലുള്ള പാലങ്ങളിൽ 1956-ലെ നാഷണൽ ഹൈവേ ആക്ട് 9-ാം വകുപ്പ് അനുസരിച്ച് 1992-ൽ ഭാരത സർക്കാർ നടപ്പിൽ വരുത്തിയിട്ടുള്ള നാഷണൽ ഹൈവേ (സ്ഥിരം പാലങ്ങൾ ഉപയോഗിക്കുന്നതിനുള്ള ഫീസ്) ചട്ടങ്ങൾ അനുസരിച്ചും, റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തിൽപ്പെട്ട പാലങ്ങളിൽ നിന്ന് കേരള ടോൾ ആക്ട് 1976 പ്രകാരവുമാണ് ടോൾ പിരിക്കുന്നത്. നിർമ്മാണ ചെലവ് 100 ലക്ഷം രൂപയും അതിൽ കൂടുതലും വന്നിട്ടുള്ള പാലങ്ങളിൽ നിന്ന് മാത്രമേ ടോൾ പിരിക്കുന്നുള്ളൂ. ഇരുചക്രവാഹനങ്ങളെ ടോൾ പിരിവിൽനിന്ന് ഒഴിവാക്കിയിട്ടുമുണ്ട്.

(സി) ദേശീയപാത വിഭാഗത്തിൽപ്പെട്ട പാലങ്ങളിൽനിന്നും അവയുടെ നിർമ്മാണ ചെലവും പലിശയും പിരിഞ്ഞു കിട്ടുന്നതുവരെ ടോൾ പിരിക്കുന്നുണ്ട്. റോഡ്സ് വിഭാഗത്തിൽ പരമാവധി 15 വർഷം വരെ ടോൾ പിരിച്ചാൽ മതിയെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly